Draft #3 of File ADA8/04/oldPen.book.Attsn./2019 Approved by ASSISTANT REGISTRAR I (ADMIN) on 25-Sep-2019 11:43 PM - Page 1

## മഹാത്മാ ഗാന്ധി സർവ്വകലാശാല

നം :എ.ഡി.എ.8/04/പെൻഷൻബുക്ക് പരിപാലനം/2019 തീയതി,പി.ഡി.ഹിൽസ്,---/----/2019

## ഓഫീസ് ഉത്തരവ്

**വിഷയം :** മുൻകാലങ്ങളിൽ വിരമിച്ചവരുടെ പെൻഷൻ പുസ്തകത്തിലെ അപൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി അപാകത പരിഹരിച്ച് സാക്ഷ്യപ്പെടുത്തൽ - അംഗീകരിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു

**സൂചന :** ശ്രീമതി .സരസു ആർ.(പി.പി.ഒ.നം:1075/18), ശ്രീമതി.ഗിരിജ പി.കെ. (പി.പി.ഒ.നം:865/16) എന്നീ പെൻഷണർമാർ യഥാക്രമം 23/07/2019, 19/08/2019 തീയതികളിൽ സമർപ്പിച്ച പെൻഷൻ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ.

വിവിധ ആവശ്യങ്ങൾക്കായി പെൻഷൻസാക്ഷ്യപത്രം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ പെൻഷണർമാരിൽ നിന്നും സെക്ഷനിൽ ലഭിക്കാറുണ്ട്. ചിലർ തങ്ങളുടെ പെൻഷൻ പുസ്തകത്തിന്റെ പ്രസക്ത ഭാഗങ്ങളുടെ പകർപ്പുകൾകൂടി ആവശ്യപ്പെടാറുണ്ട്.അപ്രകാരം ലഭിച്ച മേൽ സൂചന അപേക്ഷകൾ പരിഗണിക്കവെ ബന്ധപ്പെട്ട സെക്ഷനുകളിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ള പഴയ പെൻഷൻ പുസ്തകങ്ങളിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണവും ആയവ മേലധികാരികൾ സാക്ഷ്യപെടുത്താത്ത അവസ്ഥയിലുമാണ് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

ഇക്കാര്യം വിശദമായി പരിശോധിച്ച രജിസ്ട്രാർ പെൻഷൻ സെക്ഷനുകളിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന പഴയ പെൻഷൻ പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ അപൂർണ്ണം എന്ന് കാണുന്നപക്ഷം ആയവയുടെ അപാകത പരിഹരിച്ച് അവശ്യ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള അനുവാദം നൽകി.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

പ്രേംകുമാർ ആർ .
അസിസ്റ്റന്റ് രജിസ്ട്രാർ I (ഭരണവിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം